# പതിനാലാം കേരള നിയമസഭ
# പതിനെട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ:68

05.02.2020-ലെ മറുപടി

## വാട്ടർ അതോറിറ്റിയുടെ സാമ്പത്തിക സുസ്ഥിരത

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.എൻ. വിജയൻ പിള്ള<br>,, എം. സ്വരാജ്<br>,, പി. ഉണ്ണി<br>ശ്രീമതി.വീണാ ജോർജ്ജ് | | കെ.കൃഷ്ണൻ കുട്ടി<br>(ജലവിഭവ വകുപ്പമന്ത്രി) | |
| (എ) | കുടിവെള്ള ചാർജിൽ നിന്നുള്ള വരുമാനം ആകെ നടത്തിപ്പ ചെലവിന്റെ 47 ശതമാനത്തിനടുത്തു മാത്രമാണെന്നത് വാട്ടർ അതോറിറ്റിയുടെ സാമ്പത്തിക സുസ്ഥിരതയെയും പദ്ധതി നിർവ്വഹണത്തെയും ബാധിക്കുമെന്നതിനാൽ പ്രതിസന്ധി മറികടക്കുന്നതിന് ഉദ്ദേശിക്കുന്ന മാർഗം അറിയിക്കാമോ; | (എ) | വാട്ടർ അതോറിറ്റിയുടെ കാര്യക്ഷമത വർദ്ധിപ്പിക്കുവാനും, വരുമാനം വർദ്ധിപ്പിക്കുവാനും ലക്ഷ്യമിട്ടുകൊണ്ട് വെള്ളക്കരം സ്വീകരിക്കുന്ന ഇ-അബാക്കസ് സോഫ്റ്റ്‌വെയർ നവീകരിക്കുവാനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. ഇതോടൊപ്പം ചെലവ് ചുരുക്കലിന്റെ ഭാഗമായി വെള്ളക്കരം അടയ്ക്കുവാൻ ഓൺലൈൻ സംവിധാനങ്ങളും (BBPS etc.), സംസ്ഥാനത്തൊട്ടാകെ POS മെഷീനുകൾ സ്ഥാപിക്കുന്നതിനും നടപടികൾ കേരള വാട്ടർ അതോറിറ്റി ത്വരിതപ്പെടുത്തി വരുന്നു. ഓൺലൈൻ വഴിയുള്ള വെള്ളക്കരം പ്രോത്സാഹിപ്പിക്കുവാൻ പരിമിതമായ ഇൻസെന്റീവ് നൽകുവാനും തീരുമാനിച്ചിട്ടുണ്ട്.<br>പ്രതിവർഷം രണ്ടു ലക്ഷം പുതിയ കണക്ഷൻ നൽകുകയെന്ന ലക്ഷ്യത്തോടുകൂടി കണക്ഷൻ എടുക്കുന്നതിനു വേണ്ടിയുള്ള നടപടിക്രമങ്ങൾ ലഘൂകരിച്ചിട്ടുണ്ട്. കുടിവെള്ള കണക്ഷനുകൾ വേഗത്തിൽ ലഭ്യമാക്കുന്നതിനുവേണ്ടി കണക്ഷൻ നൽകുന്നതിനുള്ള അധികാരം അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയറിൽ നിന്നും അസിസ്റ്റന്റ് എഞ്ചിനീയറിൽ നിക്ഷിപ്തമാക്കിയിട്ടുണ്ട്. |

| ചോദ്യം | മറുപടി |
| --- | --- |
| | വാട്ടർകണക്ഷനുകൾക്ക് വേണ്ടിയുള്ള അപേക്ഷകൾ ഓൺലൈൻ വഴി സമർപ്പിക്കുവാനുള്ള സംവിധാനവും നടപ്പിലാക്കിവരുന്നുണ്ട്. പ്ലംബർമാർ മുഖേനയല്ലാതെ അതോറിറ്റി വഴി നേരിട്ട് കണക്ഷൻ എടുക്കുന്നതിനുള്ള സൗകര്യവും ഏർപ്പെടുത്തിയിട്ടുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ, എസ് .സി.. എസ് .റ്റി , ബി.പി .എൽ എന്നീ വിഭാഗക്കാർക്ക് കുടിവെള്ള കണക്ഷൻ നൽകുന്നതിനായി പ്രോജക്ടുകൾ തയ്യാറാക്കുകയും അതനുസരിച്ച് കണക്ഷൻ കൊടുക്കുകയും ചെയ്യുന്നു.<br>വെള്ളക്കരം അടക്കാത്ത ഉപഭോക്താക്കൾക്ക് കൃത്യമായി ഡിസ്കണക്ഷൻ നോട്ടീസ് നൽകുകയും, തുക അടക്കാത്ത പക്ഷം ജലവിതരണം വിച്ഛേദിച്ച് റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ ഗാർഹികേതര, വ്യാവസായിക, ഗവൺമെന്റ് കണക്ഷനുകളിൽ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രകാരവും പിഴപ്പലിശ ഒഴിവാക്കി, കുടിശ്ശിക തീർപ്പാക്കി വരുന്നു. ഇതോടൊപ്പം തവണകൾ അനുവദിച്ചും വെള്ളക്കരം അടയ്ക്കുവാൻ അവസരം നൽകിവരുന്നു.<br>പൈപ്പുകളുടെ ചോർച്ച പരിഹരിക്കുന്നതിനും ജല വിതരണ ശൃംഖല പുനരുദ്ധരിക്കുന്നതിനും വേണ്ടി സംസ്ഥാനത്തെ കാലഹരണപ്പെട്ട ട്രാൻസ്മിഷൻ മെയിനുകൾ മാറ്റി പുതിയവ സ്ഥാപിക്കുന്നതിനു വേണ്ടി കിഫ്ബി, അമൃത്, സ്റ്റേറ്റ് പ്ലാൻ പദ്ധതികളിൽ വിവിധ സ്കീമുകൾ ആവിഷ്കരിച്ചിട്ടുണ്ട്. ഇതുവഴി ജലചോർച്ച മൂലമുണ്ടാകുന്ന നഷ്ടം കുറച്ച് വരുമാനം വർദ്ധിപ്പിക്കുക എന്നതാണ് ഉദ്ദേശിക്കുന്നത്. |

| | ചോദ്യം | | മറുപടി |
|---|---|---|---|
| (ബി) | ജലചോർച്ച ഒഴിവാക്കിയാൽ നിലവിലുള്ള വരുമാനത്തിന്റെയത്ര തന്നെ അധിക വരുമാനം നേടാനാകുമെന്നതിനാൽ അതിനായി പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; | (ബി) | പ്രധാന ലൈനുകളിലും ഉപ ലൈനുകളിലും ഉണ്ടാകുന്ന ചോർച്ച കണ്ടെത്തുന്നതിനായി ലിക്ക് ഡിറ്റക്ഷൻ ആൻഡ് സർവെലൻസ് സ്ക്വാഡുകൾ കേരള വാട്ടർ അതോറിറ്റിയിൽ രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br>അടിയന്തിര സാഹചര്യങ്ങളിൽ ലീക്ക് ഡിറ്റക്ഷൻ ഉപകരണങ്ങൾ (ഗ്രൗണ്ട് മൈക്രോ ഫോൺ) ഉപയോഗിച്ച് ചോർച്ച കണ്ടെത്തുന്നു. പ്രധാന ലൈനുകളിൽ സംശയിക്കപ്പെടുന്ന ലീക്കുകൾ കണ്ടെത്തുവാനായി ഫ്ലോ മീറ്ററുകൾ ഉപയോഗിച്ചുള്ള മെഷർമെന്റുകളും ഉപയോഗപ്പെടുത്താറുണ്ട്. കൂടാതെ പൊതുജനങ്ങളിൽ നിന്നും ലഭിക്കുന്ന വിവരങ്ങളുടെയും പരാതികളുടെയും അടിസ്ഥാനത്തിൽ ലീക്കുകൾ കണ്ടെത്തുകയും പരിഹരിക്കുകയും ചെയ്യുന്നു. പൈപ്പുകളുടെ കാലപ്പഴക്കം മൂലം ചോർച്ച വഴി ജലം നഷ്ടപ്പെടുന്നത് ഒഴിവാക്കുന്നതിനായി പഴയതും കേടായതുമായ പൈപ്പുകൾ (പ്രത്യേകിച്ചും എ. സി പൈപ്പുകളും പ്രിമോ പൈപ്പുകളും) വിവിധ ധനസ്രോതസ്സുകൾ ഉപയോഗപ്പെടുത്തി ഘട്ടം ഘട്ടമായി മാറ്റി സ്ഥാപിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു. ഇത്തരത്തിൽ ജലചോർച്ചയുടെ അളവ് ഘട്ടം ഘട്ടമായി കുറച്ചു അധികവരുമാനം നേടാനുള്ള വിവിധ നടപടികൾ സ്വീകരിച്ചു വരുന്നു . |
| (സി) | കുടിവെള്ള ചാർജിനത്തിൽ കുടിശ്ശികയായി ലഭിക്കാനുള്ള 1111 കോടിയിലധികം വരുന്ന തുകയിൽ ഗാർഹികേതര ഉപഭോക്താക്കളിൽ നിന്നുള്ള 870 കോടിയോളം വരുന്ന കുടിശ്ശികയെങ്കിലും വസൂലാക്കുന്നത് ത്വരിതപ്പെടുത്താൻ | (സി) | ഉണ്ട്; ഇതിൽ ഭൂരിഭാഗവും പലിശയും, പിഴ പലിശയും ഉൾപ്പെട്ടതാണ്. യഥാർത്ഥത്തിൽ പിരിഞ്ഞു കിട്ടാനുള്ള തുക വളരെ കുറവാണ്. റവന്യൂ വർദ്ധിപ്പിക്കുന്നതിനായി ഡിവിഷൻ തലത്തിൽ കണക്ഷനുകൾക്കനുസൃതമായി റവന്യൂ ടാർജറ്റുകൾ നൽകിയിട്ടുണ്ട് . ഇത് കൃത്യമായി പിരിക്കുന്നുണ്ടെന്ന് ഉറപ്പാക്കുവാൻ റവന്യൂ മീറ്റിങ്ങുകൾ നടത്തുന്നുണ്ട്. വെള്ളക്കരം അടയ്ക്കാത്ത |

| | ചോദ്യം | | മറുപടി |
|---|---|---|---|
| | നടപടിയെടുത്തിട്ടുണ്ടോ? | | ഉപഭോക്താക്കൾക്ക് കൃത്യമായി ഡിസ്കണക്ഷൻ നോട്ടീസ് നൽകുകയും, തുക അടയ്ക്കാത്ത പക്ഷം ജലവിതരണം വിച്ഛേദിച്ച് റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ച് വരുന്നു. കൂടാതെ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രകാരവും പിഴപ്പലിശ ഒഴിവാക്കി കുടിശ്ശിക തീർപ്പാക്കി വരുന്നു. ഇതോടൊപ്പം തവണകൾ അനുവദിച്ചും വെള്ളക്കരം അടയ്ക്കുവാൻ അവസരം നൽകിവരുന്നു. ദീർഘനാളായി കുടിശ്ശികയുള്ള ഉപഭോക്താക്കളുടെ പരാതികൾ പരിഹരിച്ച് വെള്ളക്കരം അടപ്പിക്കുവാൻ സംസ്ഥാനതലത്തിൽ എല്ലാ ജില്ലകളിലും റവന്യൂ അദാലത്ത് സംഘടിപ്പിക്കുവാൻ കേരള വാട്ടർ അതോറിറ്റി നടപടികൾ സ്വീകരിച്ച് വരുന്നു .<br><br>2019-20 സാമ്പത്തിക വർഷം വെള്ളക്കരം ഇനത്തിൽ ഉപഭോക്താക്കളിൽ നിന്നും നാളിതുവരെ 359.03 കോടി രൂപയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽനിന്നും 125.69 കോടി രൂപയും 12/2019 വരെ പിരിച്ചെടുത്തിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**